പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1458 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |

## ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളം വിതരണം ചെയ്യുന്നത് വ്യാപകമാകുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ വിപണിയിലെ വ്യാജൻമാരെ കണ്ടെത്തുന്നതിനും കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ബി) | സ്വീകരിച്ചുവരുന്നു.<br>പ്രത്യേക സ്ക്വാഡുകളെ നിയമിച്ച് കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ പരിശോധിച്ച് അവയ്ക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ സർട്ടിഫിക്കറ്റും (BIS) ഫുഡ് സേഫ്റ്റി ലൈസൻസും ഉണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നതോടൊപ്പം സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ ഗുണനിലവാര നിയമം അനുശാസിക്കുന്ന ഗുണനിലവാരങ്ങൾ ഇത്തരം കുപ്പിവെള്ളങ്ങൾക്ക് ഉണ്ടോയെന്നും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ കുപ്പിവെള്ളം നിർമ്മിക്കുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന ജലസ്രോതസ്സും മറ്റ് ശുചിത്വ മാനദണ്ഡങ്ങളും പരിശോധിച്ച് ഗുണനിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്താറുണ്ട്. |

| | | | |
|---|---|---|---|
| സി) | വർദ്ധിച്ചു വരുന്ന കുപ്പിവെള്ളത്തിന്റെ ഉപഭോഗം നിമിത്തം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ പരിസ്ഥിതി മലിനീകരണം വർദ്ധിപ്പിക്കുന്നുണ്ടെന്നകാര്യം ഗൗരവമായി കാണുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പ്രസ്തുതപ്രവണത അവസാനിപ്പിക്കുന്നതിനും കുപ്പിവെള്ള വിതരണക്കാർ തന്നെ പ്ലാസ്റ്റിക് കുപ്പികൾ തിരികെ ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | ഡി) | പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ